തുടർച്ചയായി ജനറേറ്റർ ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കൽ

*20 [200] ശ്രീ. എൻ. ശക്തൻ:
„ വി. ഡി. സതീശൻ:
„ ബി. വിജയകുമാർ:
„ കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായികാവശ്യങ്ങൾക്ക് തുടർച്ചയായി ജനറേറ്റർ ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നത് തൊഴിൽ നിയമങ്ങളനുസരിച്ച് അനുവദനീയമാണോ;

(ബി) അല്ലാത്തപക്ഷം ഇപ്രകാരം വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നവരെ നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുവാൻ എന്തെങ്കിലും വ്യവസ്ഥയുണ്ടോ;

(സി) പ്ലാച്ചിമടയിൽ കൊക്കകോള ഫാക്ടറി വ്യാവസായികാവശ്യങ്ങൾക്കുവേണ്ടി ഇരുപത്തിനാലുമണിക്കൂറും ജനറേറ്റർ ഉപയോഗിച്ച് വൈദ്യുതി നിർമ്മിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ എത്രകാലം ഇപ്രകാരം വൈദ്യുതി ഉൽപ്പാദിപ്പിച്ചു എന്നും ഇതിനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നും വെളിപ്പെടുത്തുമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) അനുവദനീയമാണ്.

(ബി) പ്രസക്തമല്ല.

(സി) ഉണ്ട്. ടി ഫാക്ടറി ജനറേറ്റർ ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നത്. വൈദ്യുതി ബോർഡിൽ നിന്ന് വൈദ്യുതി ഉപയോഗിക്കുന്നില്ല.

(ഡി) വൈദ്യുതി നിയമമനുസരിച്ച് ജനറേറ്റർ പ്രവർത്തിക്കുന്നതിനുള്ള അനുമതി 19-4-2000-ൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽനിന്നും നൽകിയിട്ടുണ്ട്. നിയമപരമായ അനുമതി നൽകിയിട്ടുള്ളതിനാൽ മറ്റ് നടപടികൾക്ക് പ്രസക്തിയില്ല.

ഇലക്ട്രോണിക് മീറ്ററുകൾക്ക് കനത്തവാടക

*21 [201] ശ്രീ. പി. കെ. അബ്ദുറബ്ബ്:
„ കെ. എൻ. എ. ഖാദർ:
„ ഇ.ടി. മുഹമ്മദ് ബഷീർ:
„ പി. കെ. കെ. ബാവ:
„ സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രോണിക് മീറ്ററുകൾക്ക് ഉപഭോക്താക്കൾ കനത്ത വാടക നൽകേണ്ടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly